REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 12-09-2026 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- 18-ാമത് ബ്രിക്സ് ഉച്ചകോടിയ്ക്ക് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് തുടക്കം. ലോകനേതാക്കൾ ഡൽഹിയിലെത്തി.
- വൈദ്യുതി പ്രതിസന്ധി മറികടക്കാൻ സൗരോർജ്ജോത്പാദനവും ബാറ്ററി എനർജി സ്റ്റോറേജ് സംവിധാനവും വ്യാപകമാക്കുമെന്ന് മന്ത്രി സണ്ണി ജോസഫ്.
- സംസ്ഥാനത്ത് IAS ഉദ്യോഗസ്ഥ തലത്തിൽ അഴിച്ചുപണി.
- ഇന്ന് 'ലോക പ്രഥമശുശ്രൂഷാ ദിനം
- ചൈനയിൽ ജൂനിയർ ഏഷ്യ കപ്പ് വനിതാ ഹോക്കി ആദ്യ സെമിയിൽ ഇന്ത്യ ഇന്ന് ദക്ഷിണ കൊറിയയുമായി മത്സരിക്കും.

## വാർത്തകൾ വിശദമായി

**18-ാമത് ബ്രിക്സ് ഉച്ചകോടിയ്ക്ക് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് തുടക്കമാകും. ഇന്ത്യയുടെ അധ്യക്ഷതയിൽ ചേരുന്ന ഉച്ചകോടിയുടെ പ്രമേയം, 'പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത എന്നിവയ്ക്കായി നിർമ്മാണം ' എന്നതാണ്.**

**ഡെസ്ക്ക് റിപ്പോർട്ട്**

**........(വോയ്സ്)...**

പ്രധാനമന്ത്രി നരേന്ദ്രമോദി, റഷ്യൻ പ്രസിഡണ്ട് വ്ലാഡിമിർ പുടിൻ, ചൈനീസ് പ്രസിഡണ്ട് ഷി ജിൻ പിങ്, ദക്ഷിണാഫ്രിക്കൻ പ്രസിഡണ്ട് സിറിൽ രാമഫോസ, ഈജിപ്ഷ്യൻ പ്രസിഡണ്ട് അബ്ദേൽ ഫത്താഹ് എയ്സിസി, ഇൻഡൊനേഷ്യൻ പ്രസിഡണ്ട് പ്രബാവോ സുബിയാന്തോ, ഇറാൻ പ്രസിഡണ്ട് മസൂദ് പെസഷ്കിയാൻ, എത്യോപ്യൻ പ്രധാനമന്ത്രി അബി അഹമ്മദ് അലി, അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സയാദ് അൽ നഹ്യാൻ, തുടങ്ങിയവർ ഉച്ചകോടിയിൽ പങ്കെടുക്കും. ബ്രസീലിനെ പ്രതിനിധീകരിക്കുന്നത് വിദേശകാര്യമന്ത്രി മൗറോ വിയേരയാണ്. സൗദി അറേബ്യൻ വിദേശകാര്യമന്ത്രി പ്രിൻസ് ഫൈസൽ ബിൻ ഫർഹാൻ അൽ സൗദും ഉച്ചകോടിയിൽ പങ്കെടുക്കും.

സമ്പൂർണ ആഗോള ഭരണവും, ബഹുമുഖത്വവും ശക്തിപ്പെടുത്തൽ എന്ന വിഷയത്തിൽ അംഗരാജ്യങ്ങളുടെ സെഷനോടെയാണ് രണ്ട് ദിവസത്തെ ഉച്ചകോടി ആരംഭിക്കുന്നത്. അംഗരാജ്യങ്ങളുടെ നേതാക്കൾ ഭാരത് മണ്ഡപത്തിൽ ഇന്നവേറ്റ്സ് എക്സിബിഷനും സാക്ഷ്യം വഹിക്കും. നേതാക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി അത്താഴവിരുന്ന് ഒരുക്കിയിട്ടുണ്ട്. അതിനു ശേഷം ലോകനേതാക്കൾ വൃക്ഷത്തൈ നടും. ഉച്ചകോടിയ്ക്കിടെ പ്രധാനമന്ത്രി നരേന്ദ്രമോദി ബ്രിക്സ് നേതാക്കളുമായി ഉഭയകക്ഷി കൂടിക്കാഴ്ചകളും നടത്തും.

✪✪✪

പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിന് നിരവധി വിദേശ നേതാക്കളും ഉന്നത ഉദ്യോഗസ്ഥരും ന്യൂഡൽഹിയിലെത്തി. ഇന്നലെ ഇന്തോനേഷ്യ, ആഫ്രിക്ക, അബുദാബി, മലേഷ്യ, ഈജിപ്ത്, എത്യോപ്യ എന്നിവിടങ്ങളിൽ നിന്ന് എത്തി ചേർന്ന ഉന്നത നേതാക്കളെ, കേന്ദ്ര മന്ത്രിമാരും, സഹ മന്ത്രിമാരും ചേർന്ന് സ്വീകരിച്ചു.

✪✪✪

ന്യൂഡൽഹിയിൽ ബ്രിക്സ് ഉച്ചകോടിയോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ഐക്യരാഷ്ട്രസംഘടനാ ജനറൽ സെക്രട്ടറി അന്റോണിയോ ഗുട്ടെറസുമായി കൂടിക്കാഴ്ച നടത്തി. ബഹുധ്രുവ ലോകത്തിന്റെ പ്രാധാന്യവും, സമകാലിക യാഥാർത്ഥ്യങ്ങൾ പ്രതിഫലിപ്പിക്കുന്നതിനും യുഎൻ രക്ഷാസമിതി ഉൾപ്പെടെ ബഹുരാഷ്ട്ര

സ്ഥാപനങ്ങളിൽ പരിഷ്കരണം വരുത്തേണ്ടതിന്റെ ആവശ്യകത ഇരുനേതാക്കളും ചർച്ച ചെയ്തു.

നിലവിലെ സംഘർഷങ്ങൾ, നാവിക സഞ്ചാര സ്വാതന്ത്ര്യം, സുസ്ഥിര വികസനം, കൃത്രിമ ബുദ്ധി, പുനരുപയോഗ ഊർജ്ജ മേഖലയിലെ പുരോഗതി, ആഗോള ഭക്ഷ്യസുരക്ഷ തുടങ്ങിയ വിവിധ വിഷയങ്ങളും ഇരുവരും ചർച്ച ചെയ്തു.

നാലാം തവണയും ബ്രിക്സിന്റെ അധ്യക്ഷപദവി ഇന്ത്യ ഏറ്റെടുത്തതിൽ നരേന്ദ്രമോദിയെ യുഎൻ സെക്രട്ടറി ജനറൽ അഭിനന്ദിച്ചു.

✪✪✪

ബ്രിക്സ് ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ, ന്യൂഡൽഹിയിൽ രാവിലെ 9:30 മുതൽ രാത്രി 9 വരെ പ്രധാന പാതകളിൽ ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. സാധ്യമായ ഇടങ്ങളിലെല്ലാം പൊതുഗതാഗത സംവിധാനങ്ങൾ, മെട്രോ തുടങ്ങിയവ ഉപയോഗിക്കാനും അധികൃതർ ആവശ്യപ്പെട്ടു.

അവശ്യ സേവന വാഹനങ്ങൾക്ക് കടന്നുപോകാൻ മുൻഗണന നൽകുമെന്നും അധികൃതർ വ്യക്തമാക്കി.

✪✪✪

പ്രധാൻമന്ത്രി കിസാൻ മൻ ധൻ യോജന ഇന്നേക്ക് ഏഴ് വർഷം പൂർത്തിയാക്കി. ചെറുകിട നാമമാത്ര കർഷകർക്ക് സാമൂഹിക സുരക്ഷ നൽകുകയെന്ന ലക്ഷ്യത്തോടെ 2019 ൽ ഈ ദിവസമാണ് പദ്ധതി ആരംഭിച്ചത്. പദ്ധതിപ്രകാരം യോഗ്യരായ ഭൂവുടമകൾക്കും ചെറുകിട നാമമാത്ര കർഷകർക്കും 60 വയസ്സുമുതൽ കുറഞ്ഞത് 3,000 രൂപ പ്രതിമാസ പെൻഷൻ ഉറപ്പാക്കുന്നു. വാർദ്ധക്യത്തിൽ കർഷകർക്ക് കൂടുതൽ സാമ്പത്തിക സ്ഥിരതയും, അന്തസ്സും നൽകുന്നതിനും, പിൽക്കാല വർഷങ്ങളിൽ സുരക്ഷയും, സമാധാനവും ഉറപ്പാക്കുന്നതിനുമാണ് പെൻഷൻ പദ്ധതി രൂപകല്പന ചെയ്തത്.

✪✪✪

സംസ്ഥാനത്ത് 36 IAS ഉദ്യോഗസ്ഥരുടെ ചുമതലകളിൽ സംസ്ഥാന ഗവണ്മെന്റ് മാറ്റംവരുത്തി. ശ്രീറാം വെങ്കിട്ടരാമനെ വനം വകുപ്പ് ജോയിന്റ് സെക്രട്ടറിയായി നിയമിച്ചു. അരുൺ K വിജയൻ ആണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ.

V ചെൽസാ സിനിയാണ് പുതിയ വയനാട് കളക്ടർ. ശ്രീധന്യ സുരേഷിനെ കാസർഗോഡ് കളക്ടറായി നിയമിച്ചു.

കാസർഗോഡ് ജില്ലാകളക്ടർ അർജുൻ പാണ്ഡ്യനെ കൃഷി വകുപ്പ് ഡയറക്ടർ ആയി നിയമിച്ചു.

✪✪✪

സംസ്ഥാനത്ത് വൈദ്യുതി ലഭ്യത കുറയുകയും ആവശ്യകത വൻതോതിൽ വർധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രതിസന്ധി മറികടക്കാൻ സൗരോർജ്ജോത്പാദനവും ബാറ്ററി എനർജി സ്റ്റോറേജ് സംവിധാനവും വ്യാപകമാക്കുമെന്ന് മന്ത്രി സണ്ണി ജോസഫ് അറിയിച്ചു. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ കോർ റെൻ എക്സ്പോ 2026, എനർജി കോൺക്ലേവ്' എന്നിവ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മഴയുടെ കുറവും കൽക്കരി ക്ഷാമവും ഉത്പാദനത്തെ ബാധിച്ചപ്പോൾ, കടുത്ത ചൂടു കാരണം സംസ്ഥാനത്ത് എയർകണ്ടീഷണറുകൾ, ഫാനുകൾ, ഇലക്ട്രിക് വാഹനങ്ങൾ എന്നിവയുടെ ഉപയോഗം മൂലം വൈദ്യുതി ഉപഭോഗം ഗണ്യമായി വർധിച്ചതായും മന്ത്രി പറഞ്ഞു. മുൻകാലങ്ങളിൽ രാത്രി 7 മുതൽ 10 വരെയായിരുന്ന പീക്ക് അവറുകൾ, ഇപ്പോൾ രാത്രി 11 മണിക്ക് ശേഷവും തുടരുകയാണെന്ന് സണ്ണി ജോസഫ് അറിയിച്ചു.

കേരളത്തിന് ആവശ്യമായതിന്റെ 25 ശതമാനം മാത്രം വൈദ്യുതിയാണ് സ്വന്തമായി ഉത്പാദിപ്പിക്കാൻ സാധിക്കുന്നതെന്നും, ബാക്കി മുഴുവൻ പുറത്തുനിന്ന് വാങ്ങുകയാണ് ചെയ്യുന്നതെന്നും മന്ത്രി പറഞ്ഞു.

✪✪✪

മത്സ്യബന്ധന മേഖലയുടെ സമഗ്ര വികസനത്തിന് സംസ്ഥാന ഗവണ്മെന്റ് പ്രത്യേക ശ്രദ്ധ നൽകുമെന്ന് മന്ത്രി VE അബ്ദുൾ ഗഫൂർ പറഞ്ഞു. പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതികൾ എറണാകുളം നായരമ്പലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കടലാമ സംരക്ഷണ ഉപകരണങ്ങൾ, മത്സ്യ വിപണന കിയോസ്ക്കുകൾ എന്നിവ വിതരണം ചെയ്ത മന്ത്രി, മത്സ്യഫെഡിന്റെ 'മികവ് 2026' വിദ്യാഭ്യാസ പുരസ്കാരങ്ങളും വിതരണം ചെയ്തു.

മത്സ്യബന്ധന മേഖലയുടെ പ്ലാൻ വിഹിതം നിലവിലെ 1.76 ശതമാനത്തിൽ നിന്നും 5 ശതമാനമായി ഉയർത്തുകയാണ് ഗവണ്മെന്റിന്റെ പ്രധാന ലക്ഷ്യമെന്നും, ഇതിന് 'ബ്ലൂ എക്കോണമി'

ഉൾപ്പെടെ വൻകിട പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പാക്കുമെന്നും മന്ത്രി അറിയിച്ചു. മത്സ്യത്തൊഴിലാളികളുടെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചു മാത്രമേ എല്ലാ പുതിയ പദ്ധതികളും നടപ്പാക്കൂ എന്നും പദ്ധതികളുടെ പ്രധാന ഗുണഭോക്താക്കൾ അവർ തന്നെയായിരിക്കുമെന്നും മന്ത്രി ഉറപ്പുനൽകി.

✪✪✪

വിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്താൻ സംസ്ഥാന ഗവണ്മെന്റിന് കഴിഞ്ഞതായി മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു. നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി താനൂർ നിയോജകമണ്ഡലത്തിലെ ഇരിങ്ങാവൂർ മീശപ്പടിയിൽ നവീകരിച്ച സപ്ലൈകോ മാവേലി സൂപ്പർ സ്റ്റോർ നാടിന് സമർപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഓണക്കാലത്ത് സപ്ലൈകോ, റേഷൻ കടകൾ എന്നിവ വഴി ഒരു ലക്ഷത്തി 65,000 മെട്രിക് ടൺ അരി വിതരണം ചെയ്യാൻ കഴിഞ്ഞതിനാലാണ് വിലക്കയറ്റം നിയന്ത്രിക്കാൻ സാധിച്ചതെന്ന് അനൂപ് ജേക്കബ് അറിയിച്ചു.

✪✪✪

കൊങ്കണി ഭാഷാപണ്ഡിതൻ N. പുരുഷോത്തമ മല്യ എറണാകുളം ചെർളായിൽ അന്തരിച്ചു. 97 വയസായിരുന്നു.

2015 ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു. 2008 ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു.

മട്ടാഞ്ചേരിയിൽ ജനിച്ച മല്യ വിദ്യാഭ്യാസപ്രവർത്തകനും എഴുത്തുകാരനും കൊങ്കണി ഭാഷാപ്രചാരകനുമായിരുന്നു. കൊങ്കണി ഭാഷയുടെ വളർച്ചയ്ക്ക് നടത്തിയ ദീർഘകാല പ്രവർത്തനങ്ങളാണ് അദ്ദേഹത്തെ ദേശീയതലത്തിൽ ശ്രദ്ധേയനാക്കിയത്.

സംസ്കാരം രാവിലെ പത്തരയ്ക്ക് കരിപ്പാലം രുദ്രവിലാസം ശ്മശാനത്തിൽ.

✪✪✪

ഭാരതത്തിലെ യുവാക്കളെ പുതിയ സാങ്കേതിക ലോകത്തിലേയ്ക്ക് നയിക്കന്നതിനുതുകന്ന രീതിയിൽ ശാസ്ത്ര സാങ്കേതിക വിദ്യയിൽ നരേന്ദ്ര മോദി ഗവണ്മെന്റ് ലോകത്തിന് മാതൃകയാണെന്ന് BJP അഖിലേന്ത്യാ സെക്രട്ടറി K സുരേന്ദ്രൻ അഭിപ്രായപ്പെട്ടു. കോഴിക്കോട്

മാവൂരിൽ BJP സിറ്റി ജില്ലാകമ്മിറ്റി സംഘടിപ്പിച്ച പണ്ഡിറ്റ് ദീൻ ദയാൽ ഉപാധ്യായ പ്രശിക്ഷൺ മഹാ അഭിയാൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.വലിയ പദ്ധതികൾക്ക് രൂപം നൽകുമ്പോൾ പിന്നാക്കം നിൽക്കുന്നവരുടെ ക്ഷേമത്തിനാണ് ഗവണ്മെന്റ് പ്രാധാന്യം നൽകുന്നതെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

ഇന്ന് 'ലോക പ്രഥമശുശ്രൂഷാ ദിനം'. "കുടിയേറ്റ സാഹചര്യങ്ങളിലെ പ്രഥമശുശ്രൂഷ" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

വിദഗ്ധ സഹായം ലഭിക്കുന്നതിന് മുൻപ് അടിസ്ഥാന അടിയന്തര ശുശ്രൂഷാ നൈപുണ്യങ്ങൾ എങ്ങനെ ജീവൻ രക്ഷിക്കുന്നു എന്നതിനെക്കുറിച്ച് ആഗോളതലത്തിൽ ജനങ്ങളിൽ അവബോധം വളർത്തുകയാണ് ദിനാചരണ ലക്ഷ്യം. എല്ലാ വർഷവും സെപ്റ്റംബറിലെ രണ്ടാമത്തെ ശനിയാഴ്ചയാണ് ലോക പ്രഥമശുശ്രൂഷാ ദിനമായി ആചരിക്കുന്നത്.

✪✪✪

ചൈനയിൽ ജൂനിയർ ഏഷ്യ കപ്പിൽ ഇന്ത്യൻ വനിതാ ടീം ആദ്യ സെമിഫൈനലിൽ ഇന്ന് ദക്ഷിണ കൊറിയയുമായി മത്സരിക്കും. ഇന്ത്യൻ സമയം രാവിലെ 9:15-നാണ് മത്സരം ആരംഭിക്കുന്നത്. മറ്റൊരു സെമിയിൽ ആതിഥേയരായ ചൈന ജപ്പാനെ നേരിടും.

പുരുഷ ഹോക്കിയിൽ ഇന്ത്യ ഫൈനലിൽ പ്രവേശിച്ചു. മലേഷ്യയെ ഒന്നിനെതിരെ മൂന്ന് ഗോളിനാണ് ഇന്ത്യ തോൽപ്പിച്ചത്. നാളെ ഫൈനലിൽ ഇന്ത്യ ദക്ഷിണ കൊറിയയെ നേരിടും.

✪✪✪

വനിതാ ട്വന്റി-20 ഏഷ്യാ കപ്പ് ക്രിക്കറ്റ് ഫൈനൽ നാളെ. ദുബായിലെ മത്സരത്തിൽ ഇന്ത്യ, നിലവിലെ ചാമ്പ്യന്മാരായ ശ്രീലങ്കയെ നേരിടും. ഇന്നലെ പാകിസ്ഥാനെ നാല് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ശ്രീലങ്ക ഫൈനലിലെത്തിയത്.

✪✪✪

സംസ്ഥാന സബ് ജൂനിയർ ഫുട്ബോൾ ചാംപ്യൻഷിപ്പ് ഇന്ന് കോഴിക്കോട്ട് ആരംഭിക്കും. ഈ മാസം 18 വരെ ദേവഗിരി കോളേജിൽ 14 ജില്ലകളെ നാല് ഗ്രൂപ്പുകളായി തിരിച്ചാണ് മത്സരം. 17ന് സെമിഫൈനലും 18ന് ഫൈനലും നടത്തും.

✪✪✪

കോഴിക്കോട്ട് സംസ്ഥാന സ്കൂൾ കായികമേളയുടെ സംഘാടകസമിതി ചേർന്ന് ഒരുക്കങ്ങൾ വിലയിരുത്തി. ഒക്ടോബർ 25 മുതൽ 31 വരെയാണ് കായികമേള.

ഈ മാസം 20 നകം വിവിധ സബ് കമ്മിറ്റികൾ ചേരാനും, പ്രവർത്തന രൂപരേഖ തയ്യാറാക്കി അടുത്ത അവലോകന യോഗത്തിൽ അവതരിപ്പിക്കാനും യോഗം തീരുമാനിച്ചു. സംഘാടക സമിതി ചെയർമാൻ MA റസാഖ് മാസ്റ്റർ MLA യുടെ അധ്യക്ഷതയിൽ ചേർന്ന യോഗം MK രാഘവൻ MP ഉദ്ഘാടനം ചെയ്തു.

✪✪✪

സംസ്ഥാന സ്കൂൾ കായിക മേളയുടെ ഗ്രൂപ്പ് വൺ മത്സരങ്ങൾ ഇന്നു മുതൽ 15 വരെ കണ്ണൂർ ജില്ലയിലെ വിവിധ വേദികളിൽ നടത്തും. തയ്ക്വാണ്ടോ, ജിംനാസ്റ്റിക്സ്, ഫെൻസിങ്, ഗുസ്തി, ചെസ് എന്നീ ഇനങ്ങളിലായി 2,300 വിദ്യാർത്ഥികൾ പങ്കെടുക്കും.

നാളെ ഉച്ചയ്ക്ക് മന്ത്രി സണ്ണി ജോസഫ് മേള ഉദ്ഘാടനം ചെയ്യും.

✪✪✪

അണ്ടർ 17 സുബ്രതോ കപ്പ് ദേശീയ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിക്കുന്ന മലപ്പുറം അത്താണിക്കൽ MIC-EMHSS ടീം ഡൽഹിയിലേക്ക് യാത്ര തിരിച്ചു. സംസ്ഥാന ചാമ്പ്യൻഷിപ്പിൽ കിരീടം നേടിയാണ് ഡൽഹിയിൽ ദേശീയ മത്സരത്തിന് ടീം തെരഞ്ഞെടുക്കപ്പെട്ടത്. ചൊവ്വാഴ്ചയാണ് ടീമിന്റെ ആദ്യമത്സരം.

✪✪✪

മന്ത്രി KM ഷാജി ഇന്ന് മലപ്പുറം ജില്ലയിലെ വിവിധ പരിപാടികളിൽ പങ്കെടുക്കും. സംസ്ഥാന ഗവണ്മെന്റിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി റവന്യൂ വകുപ്പ് നിർമ്മിക്കുന്ന മൂന്ന് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടനിർമ്മാണങ്ങൾ മന്ത്രി ഉദ്ഘാടനം ചെയ്യും.

രാവിലെ ഒൻപതരയ്ക്ക് AR നഗർ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം ഉദ്ഘാടനം ചെയ്യുന്ന മന്ത്രി, ഊരകം, പറപ്പൂർ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ തറക്കല്ലിടൽ ചടങ്ങുകളിലും പങ്കെടുക്കു.

✪✪✪

മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്‌റാഹീം നാളെ കേരളത്തിലെത്തും. ഡൽഹിയിൽ ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുത്തതിന് ശേഷമാണ് അദ്ദേഹം കോഴിക്കോട്ടെത്തുക. മർകസ് സെൻട്രൽ ക്യാമ്പസിൽ കാന്തപുരം A.P അബൂബക്കർ മുസ്ലിയാരുമായി കൂടിക്കാഴ്ച നടത്തുന്ന അദ്ദേഹം മർകസ് കൺവെൻഷൻ സെന്ററിലെ പ്രത്യേക പ്രാർഥനാ സംഗമത്തിലും പങ്കെടുക്കും.

✪✪✪

കോഴിക്കോട് ജില്ലയിലെ ആദ്യ കാർബൺ ന്യൂട്രൽ ഭവനമായി അംഗീകരിച്ച വേങ്ങേരിയിലെ 'മേട' ഭവനത്തിന്റെ ഉടമ ബാബു പറമ്പത്തിനെ ജില്ലാ ശുചിത്വ മിഷൻ അനുമോദിച്ചു. CWRDM ലെ ഡോ. ശ്രുതിയുടെ നേതൃത്വത്തിലെ ശാസ്ത്രജ്ഞരുടെ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് 'മേട'യെ കാർബൺ ന്യൂട്രൽ ഭവനമായി പ്രഖ്യാപിച്ചത്. കോഴിക്കോട് കളക്ടറേറ്റിൽ കളക്ടർ MS മാധവിക്കുട്ടി ബാബു പറമ്പത്തിന് ഉപഹാരം നൽകി.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*News team : സബിത കെ, നിമിഷ ജി,*
*DEO : ഷീബ*